# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2405

## 06-12-2018 - ലെ മറുപടിക്ക്

### ചീക്കോട് മിനിസ്റ്റേഡിയം

| ചോദ്യം<br>ശ്രീ. ടി.വി. ഇബ്രാഹിം | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ മുൻ എം.എൽ.എ.മണ്ഡലം ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ചീക്കോട് മിനിസ്റ്റേഡിയം നവീകരണത്തിന് ഫണ്ട് വകയിരുത്തിയിട്ടും ഇത് വരെ മേൽ പ്രവൃത്തി തുടങ്ങാതെ നീട്ടിക്കൊണ്ടുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ മുൻ എം.എൽ.എ.മണ്ഡലം ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ചീക്കോട് മിനിസ്റ്റേഡിയം നവീകരണത്തിന് ഫണ്ട് വകയിരുത്തിയിട്ടും ഇത് വരെ മേൽ പ്രവൃത്തി തുടങ്ങാതെ നീട്ടിക്കൊണ്ടുപോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) മേൽ പ്രവൃത്തി തടസ്സപ്പെട്ട് കിടക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; | മേൽ പ്രവൃത്തിയ്ക്ക് G.O(Rt)No.1215/2013/LSGD, തീയതി 06.05.2013 പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തി പൊതുമരാമത്ത് വകുപ്പാണ് നിർവ്വഹണം നടത്തുന്നത്. ഫണ്ട് എൽ.എസ്.ജി.ഡി മുഖേനയും ആണ്. ഈ പ്രവൃത്തി 01.11.2013 ന് പുന:ദർഘാസ് ക്ഷണിച്ചതിനെ തുടർന്ന് ശ്രീ.മുഹമ്മദ് അഷ്റഫ് കുറുപ്പത്ത്, കൊണ്ടോട്ടി എന്ന കരാറുകാരൻ 30% അധിക നിരക്കിൽ ക്വാട്ട് ചെയ്തിരുന്നു. ഇതിന് പി.ഡബ്യൂ.ഡി ബിൽഡിംഗ്സ് ചീഫ് എഞ്ചിനീയർ 22.01.2014 ന് അംഗീകാരം നൽകുകയും ചെയ്തിരുന്നു. എന്നാൽ firm period 31.12.2013 ന് അവസാനിച്ചിരുന്നു. പ്രസ്തുത വിവരം കരാറുകാരനെ അറിയിച്ചപ്പോൾ പ്രവൃത്തി നടത്തേണ്ട സ്ഥാനത്തേക്ക് സാധന സാമഗ്രികൾ എത്തിക്കാൻ റോഡോ വഴിയോ ഇല്ലാത്തതിനാൽ മേൽ പ്രവൃത്തിയുടെ Firm period നീട്ടാൻ തയ്യാറല്ല എന്നും, മേൽ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കി തരാനും കൂടാതെ ഇ.എം.ഡി റിലീസ് ചെയ്ത് തരാനും അപേക്ഷിച്ചിരുന്നു. ടി പ്രവൃത്തി നടത്താനുള്ള സ്ഥലത്തേക്കുള്ള റോഡിലൂടെ ചെറിയ വാഹനങ്ങൾക്ക് മാത്രമേ പ്രവേശിക്കാൻ കഴിയൂ എന്ന് പി.ഡബ്ല്യു.ഡി ബിൽഡിംഗ്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ഈ ഭരണാനുമതി പുതിയ സാമ്പത്തിക വർഷത്തിലേയ്ക്ക് റീവാലിഡേറ്റ് ചെയ്യണമെന്ന് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടതിനെ തുടർന്ന് പുതുക്കിയ ഭരണാനുമതി നൽകുന്നതിന് എൽ.എസ്.ജി.ഡിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് എന്നാൽ ഭരണാനുമതി റീവാലിഡേറ്റ് ചെയ്ത് ലഭ്യമായിട്ടില്ല. മേൽ പ്രസ്താവിച്ച കാരാണങ്ങളാലാണ് ഈ പ്രവൃത്തി നടപ്പിലാക്കാൻ കാലതാമസം നേരിട്ടത്. അകാരണമായി പദ്ധതികൾ പൂർത്തിയാക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) പൊതുമരാമത്ത് വകുപ്പും എൽ.എസ്.ജി.ഡി വകുപ്പും ഓരോ കാരണങ്ങൾ പറഞ്ഞ് അങ്ങോട്ടും ഇങ്ങോട്ടും ഫയലുകൾ അയച്ച് പദ്ധതി വൈകിപ്പിക്കുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ; | |
| ഡി) അകാരണമായി പദ്ധതികൾ പൂർത്തിയാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ